"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിലവിലുള്ള കരാർ ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2066/2024/LSGD തീയതി,തിരുവനന്തപുരം, 29-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1559/2022/ത.സ്വ.ഭ.വ തീയതി 30.06.2022
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.05.2024-ലെ LSGD/PD/26308/2023-DPLD3 നമ്പർ കത്ത്
3. സ.ഉ.(സാധാ)നം.1252/2024/ത.സ്വ.ഭ.വ തീയതി 09.07.2024

**<u>ഉത്തരവ്</u>**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ, അക്കൗണ്ടന്റ്-കം-ഐ.ടി അസിസ്റ്റന്റ് എന്നി ജീവനക്കാരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തി, ആയതിന്റെ അടിസ്ഥാനത്തിൽ 2022 ജൂൺ 30-ന് ശേഷം കുറഞ്ഞത് ഒരു ദിവസത്തെ ഇടവേള നൽകി രണ്ട് വർഷത്തേയ്ക്ക് കരാർ പുതുക്കി നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ പുതുക്കിയിട്ടുള്ള ജീവനക്കാരുടെ കരാർ കാലാവധി 2022-23, 2023-24 വർഷങ്ങളിലെ പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ പുതുക്കി നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി. വിഷയത്തിൽ വിശദമായ പരിശോധന ആവശ്യമായിരുന്ന സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരമുള്ള കാലാവധി 2024 ജൂലൈ മാസത്തോടെ അവസാനിക്കുന്നത് പരിഗണിച്ച് പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ തുടർന്ന് വന്ന കരാർ ജീവനക്കാരുടെ സേവന കാലാവധി മൂന്ന് മാസത്തേയ്ക്ക് കൂടിയോ അല്ലെങ്കിൽ സേവന കാലാവധി പുതുക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ താൽക്കാലികമായി ദീർഘിപ്പിക്കാൻ പരാമർശം (3) ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി, നഗരപ്രദേശങ്ങളിലെ ദുർബല ജനവിഭാഗങ്ങൾ ഉപജീവനത്തിനായി ആശ്രയിക്കുന്ന പദ്ധതിയാണെന്നതിനാൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകേണ്ടതും ഇതിന് കരാർ ജീവനക്കാരുടെ സേവനത്തുടർച്ച സഹായകരമാകുമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ, പരാമർശം (1), (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ തുടർന്ന എല്ലാ കരാർ ജീവനക്കാരുടെയും കരാർ കാലാവധി, അവരുടെ പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്കും, കരാർ നിയമനങ്ങളുമായി ബന്ധപ്പെട്ട ധനകാര്യവകുപ്പിന്റെ ഉത്തരവുകളിലെ നിബന്ധനകൾക്കും വിധേയമായി, ഒന്നോ രണ്ടോ ദിവസത്തെ ഇടവേള നൽകി, ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ ഒരു വർഷത്തേക്കു ദീർഘിപ്പിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർ /സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കൗൺസിൽ ചെയർമാൻ /സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 30-10-2024 10:35:59
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്